ഉത്തരം

വനം സംബന്ധിച്ച ചില ബില്ലുകൾ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള നിയമത്തിൽ ചില ഭേദഗതികൾ വരുത്തുവാൻ നിർദ്ദേശങ്ങൾ ഉണ്ട്.

വനഭൂമിക്ക് കയ്യാല

1029 [1532] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, കെ. കെ. ബാവ :
,, പി. എം. അബുബക്കർ :
,, പി. സീതിഹാജി :
,, റസി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭ്യം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് എവിടെയെങ്കിലും വനഭൂമിക്ക് കയ്യാല കെട്ടുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) കയ്യാല കെട്ടിയ സ്ഥലങ്ങളിൽ എവിടെയെങ്കിലും സ്വകാര്യ ഭൂമിയിൽപ്പെട്ടുപോയിട്ടുണ്ടോ ; എങ്കിൽ അതു വിട്ടുകൊടുക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഇ) ഇതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വനഭൂമിയുടെ അതിരുകളിൽ കയ്യാല കെട്ടുന്നുണ്ട്.

(ബി) സംസ്ഥാനത്ത് മിക്കവാറും എല്ലാ വന ഡിവിഷനുകളിലും ആർ. എൽ. ഇ. ജി. പി. പദ്ധതി പ്രകാരം വനഭൂമിയിൽ വനാതിർത്തിയിൽ കയ്യാല കെട്ടുന്ന പരിപാടിയുണ്ട്. പശ്ചിമഘട്ട വികസന പദ്ധതിയിൽപ്പെടുത്തിയും കയ്യാല നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരം, തെൻമല, കോന്നി, റാന്നി, കോട്ടയം, കോതമംഗലം, മാങ്കുളം, മൂന്നാർ, പാലക്കാട് സ്പെഷ്യൽ, കോഴിക്കോട്, പുനലൂർ എന്നീ ഡിവിഷനുകളിൽ ആകെ 207.958 കി. മീ. കയ്യാല നിർമ്മിച്ചിട്ടുണ്ട്.

(ബി) കയ്യാല കെട്ടിയ സ്ഥലങ്ങളിൽ ഒരിടത്തും സ്വകാര്യ ഭൂമി വനഭൂമിയിൽപ്പെട്ടതായി കണ്ടിട്ടില്ല. എന്നാൽ കയ്യാല കെട്ടിയതിനെ തുടർന്ന് പലരിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. കൈവശാവകാശമുള്ള വനഭൂമി കയ്യാല കെട്ടിയതുമൂലം റിസർവ് വനത്തിൽ ഉൾപ്പെടുത്തിയെന്നാണ് മിക്കവാറും എല്ലാ പരാതികളിലും പറഞ്ഞിട്ടുള്ളത്.

(സി) ഉണ്ട്. വനം കൺസർവേറ്റർ മുഖാന്തിരവും ഡി. എഫ്. ഒ. മാർ മുഖാന്തിരവും അന്വേഷണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംയുക്ത പരിശോധന നടത്തി 1-1-1977-നു മുൻപും പിൻപുമുള്ള കയ്യേറ്റ വനഭൂമി വേർതിരിച്ചു തിട്ടിപ്പെടുത്തിയ അതിരുകളിൽ കെട്ടിയ കയ്യാലകളെ പറ്റിയാണ് പ്രധാനമായും പരാതികൾ ഉണ്ടായിട്ടുള്ളതെന്നും പരാതികളിൽ ഉന്നയിച്ചിട്ടുള്ള കൈവശാവകാശത്തിന്റെ പഴക്കം ശരിയല്ലെന്നുമാണ് ഇതുവരെ നടത്തിയ അന്വേഷണങ്ങളിൽനിന്നും വെളിവാകുന്നത്.

ചതിരൂർ മലയിലെ നിക്ഷിപ്ത വനഭൂമി

1030 [1533] ശ്രീ. എ. സി ഷൺമുഖദാസ് :

,, സിറിയക് ജോൺ :

,, കെ. കെ. ബാലകൃഷ്ണൻ :

,, കെ. കെ. ശങ്കരനാരായണപിള്ള ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആറളത്ത് ചതിരൂർ മലയിലെ നിക്ഷിപ്ത വനഭൂമിയിൽപ്പെട്ട 200 ഏക്കർ സ്ഥലം അനധികൃതമായി കൈമാറ്റം ചെയ്തതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ ;

(ബി) എങ്കിൽ റിപ്പോർട്ട് ലഭിച്ചോ ; റിപ്പോർട്ടിൻമേൽ എടുത്ത നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് വിജിലൻസ്, മുഖ്യവനപാലകൻ, രജിസ്ട്രേഷൻ ഡയറക്ടർ, ജില്ലാകളക്ടർ എന്നിവരെക്കൊണ്ട് അന്വേഷണം നടത്തി. ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങളിൽ പ്രഥമദൃഷ്ട്യാ വീഴ്ച വരുത്തിയ സബ് രജിസ്ട്രാറെ സസ്പെൻഡു ചെയ്ത നടപടി തുടർന്നുവരുന്നു. ജില്ലാ കളക്ടറുടെ ശുപാർശ അനുസരിച്ച് പോലീസ് വിജിലൻസിനെക്കൊണ്ട് അന്വേഷണം നടത്തിവരുന്നു. അന്വേഷണ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞിട്ടില്ല.

(ബി) തെറ്റായ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ വനഭൂമിയിൽ പ്രവേശിക്കാതിരിക്കാൻ കരുതൽ നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നൽകി.

ചിറ്റാർ പഞ്ചായത്തിലെ കയ്യാല കെട്ടുന്നതിലെ അഴിമതി

1031 [1534] ശ്രീ. പി. സി. ജോർജ് :

,, ടി. എസ്. ജോൺ :

,, തോമസ് കല്ലമ്പള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ചിറ്റാർ പഞ്ചായത്തിൽ നാടും വനവും തമ്മിൽ വേർതിരിച്ച് കയ്യാല കെട്ടുന്നതിൽ വനം വകുപ്പുകാർ ക്രമക്കേടു നടത്തുന്നതായി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നാപടി സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly